## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2846 18.06.2019 -ൽ മറുപടിക്ക്**

**<u>കേരള റോഡ് ഫണ്ട് ബോർഡ്</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മോൻസ് ജോസഫ് :** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ചുള്ള അന്വേഷണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) കേരള റോഡ് ഫണ്ട് ബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ അന്വേഷണം ഒന്നും തന്നെ പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) പ്രസ്തുത ബോർഡിൽ എൻജിനീയറിംഗ് വിഭാഗത്തിന്റെ അപ്രമാദിത്തം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) കേരള റോഡ് ഫണ്ട് ബോർഡിന്റെ നഗര പാത വികസന പദ്ധതികൾ കൺസൾട്ടൻറ് മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ബോർഡിലെ എഞ്ചിനീയറിംഗ് വിഭാഗത്തിന് അപ്രമാദിത്തം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത ബോർഡുമായി ചേർന്ന് പ്രവർത്തിക്കുന്ന കരാർ കമ്പനികളുടെ പ്രവർത്തനം അറിയിക്കാമോ; | (സി) കേരള റോഡ് ഫണ്ട് ബോർഡുമായി ചേർന്ന് പ്രവർത്തിക്കുന്ന കരാർ കമ്പനികളുടെ പ്രവർത്തനം അനുബന്ധമായി ചേർക്കുന്നു. |
| (ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി വിശദീകരിക്കാമോ? | (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള റോഡ് ഫണ്ട് ബോർഡുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

## A. KRFB യുമായി ചേർന്ന് പ്രവർത്തിക്കുന്ന കരാർ കമ്പനികളുടെ പ്രവർത്തനം

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | കരാർ കമ്പനിയുടെ പേര് | നിലവിലെ പ്രവർത്തനം |
|---|---|---|---|
| 1. | തിരുവനന്തപുരം നഗരപാത വികസന പദ്ധതി | തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി ലിമിറ്റഡ് | ഏറ്റെടുത്ത പണികൾ പൂർത്തീകരിച്ചു. നിലവിൽ പരിപാലന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| 2. | കോഴിക്കോട് നഗരപാത വികസന പദ്ധതി | യു.എൽ.സി.സി.എസ്. കാലിക്കറ്റ് സിറ്റി ഇൻഫ്രാസ്ട്രച്ചർ ഡെവലപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് | ഏറ്റെടുത്ത പണികൾ പൂർത്തീകരിച്ചു. നിലവിൽ പരിപാലന പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

## B. KRFB യുമായി ബന്ധപ്പെട്ട പ്രവർത്തന പുരോഗതി

| ക്രമ നം. | പ്രോജക്റ്റിന്റെ പേര് | നിലവിലെ പ്രവർത്തനം |
|---|---|---|
| 1. | തിരുവനന്തപുരം നഗരപാത വികസന പദ്ധതി | നിർമ്മാണം പൂർത്തീകരിച്ച് O&M സ്റ്റേജിൽ ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി പരിപാലിക്കുന്നു. |
| 2. | കോഴിക്കോട് നഗര പാത വികസന പദ്ധതി | നിർമ്മാണം പൂർത്തീകരിച്ച് O&M സ്റ്റേജിൽ ആവശ്യമായ അറ്റകുറ്റ പണികൾ നടത്തി പരിപാലിക്കുന്നു. മാനാഞ്ചിറ - വെള്ളിമാട് കുന്ന് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 23.4 കോടി രൂപയുടെ ഭരണാനുമതി നൽകി. കോഴിക്കോട് രണ്ടാം ഘട്ട നഗര റോഡ് വികസന പദ്ധതികൾക്കുള്ള പഠനം നടത്താൻ പൊതുമരാമത്ത് ഡിസൈൻ വിഭാഗത്തിനെ ചുമതലപ്പെടുത്തി അനുമതി നൽകി. |
| 3. | ആലപ്പുഴ നഗര പാത വികസന പദ്ധതി | ഒന്നാംഘട്ട നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. മുപ്പാലം ജംഗ്ഷൻ വികസനത്തിന് വേണ്ടി 12.692 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 4. | കണ്ണൂർ നഗര പാത വികസന പദ്ധതി | കണ്ണൂർ നഗര പാത വികസന പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കുന്നതിന് 337.648 കോടി രൂപയുടെ ഭരണാനുമതിയും special Land Acquisition unit തുടങ്ങുന്നതിനുള്ള ഭരണാനുമതിയും നൽകിയിരുന്നു. നിലവിൽ ഭൂമി ഏറ്റെടുക്കുന്നതുമായി |

| | | |
|---|---|---|
| | | ബന്ധപ്പെട്ട് അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു. |
| 5. | മറ്റു പദ്ധതികൾ | പത്തനംതിട്ട, പയ്യന്നൂർ, കാസർഗോഡ്, മൂന്നാർ, കൽപ്പറ്റ, മാനന്തവാടി എന്നീ നഗരങ്ങൾക്ക് വേണ്ടി റോഡ് പദ്ധതി പഠനങ്ങൾ നടത്തി വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കാൻ വേണ്ടി കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 6. | | കിഫ്ബി റോഡു പ്രോജക്ടുകളുടെ SPV യായി പ്രവൃത്തികൾ നടത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**